ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 05.07.2025

പ്രധാന വാർത്തകൾ

TIME : 07.25 PM

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അർജന്റീന സന്ദർശനം പുരോഗമിക്കുന്നു; പ്രസിഡൻറ് ജാവിയർ മിലിയുമായുള്ള കൂടിക്കാഴ്ച ഇന്ന്; നാളെ ബ്രസീലിൽ ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi's visit to Argentina is progressing; PM will Meet President Javier Milei today; PM to attend BRICS summit in Brazil tomorrow.**

2. ദ്വിദിന സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ; മറ്റെന്നാൾ ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും.

   **Vice President Jagdeep Dhankhar to visit Kerala tomorrow; VP will visit Guruvayur temple on monday.**

3. രാജ്യത്തെ ആദ്യത്തെ സഹകരണ സർവകലാശാല- ത്രിഭുവൻ സഹകാരി വിശ്വവിദ്യാലയത്തിന് ഗുജറാത്തിൽ ഇന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തറക്കല്ലിട്ടു.

**Union Home Minister Amit Shah lays the foundation stone of the country's first cooperative university – Tribhuvan Sahakari Vishwavidyalayam in Gujarat today.**

4. **മെഡിക്കൽ ടൂറിസത്തിന്റെ കേന്ദ്രമായി ദക്ഷിണേന്ത്യ മാറുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ, സഹമന്ത്രി എൽ. മുരുഗൻ.**

**South India is becoming a hub for medical tourism, says Union Minister of State for Information and Broadcasting L. Murugan.**

5. **ഏഷ്യൻ അണ്ടർ 19 സ്ക്വാഷ് ചാമ്പ്യൻഷിപ്പ് ഇന്ത്യയുടെ അനാഹത് സിംഗിന് കിരീടം.**

**India's Anahat Singh wins Asian Under-19 Squash Championship.**

**************************************

## PM-ARGENTINA VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അർജന്റീന സന്ദർശനം പുരോഗമിക്കുന്നു. ഘാന, ട്രിനിഡാഡ് & ടൊബാഗോ പര്യടനം പൂർത്തിയാക്കിയ ശേഷമാണ് പ്രധാനമന്ത്രി ഇന്ന് രാവിലെ അർജൻറീനിയൻ തലസ്ഥാനമായ ബ്യൂണസ് ഐറിസിലെത്തിയത്. 57 വർഷത്തിനിടെ ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജന്റീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. പ്രസിഡന്റ് ജാവിയർ മിലിയുമായി പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും.

**************************************

## PM BRICS SUMMIT

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നാളെയും മറ്റന്നാളുമായി നടക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ഉച്ചകോടിക്ക് ശേഷം പ്രധാനമന്ത്രി ബ്രസീലിയൻ തലസ്ഥാനമായ ബ്രസീലിയ സന്ദർശിക്കും. ഏകദേശം ആറ് പതിറ്റാണ്ടിനു ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയയിൽ എത്തുന്നത്. ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും.

***********************************

## VP – KERALA

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ എത്തും. തിങ്കളാഴ്ച രാവിലെ അദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. സന്ദർശനത്തോട് അനുബന്ധിച്ച് മറ്റെന്നാൾ രാവിലെ എട്ടുമുതൽ പത്തുവരെ ക്ഷേത്രത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. പിന്നീട്, കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും.

***********************************

## AMIT SHAH – GUJARAT (INTRO)

രാജ്യത്തെ ആദ്യത്തെ സഹകരണ സർവകലാശാലയായ ത്രിഭുവൻ സഹകാരി വിശ്വവിദ്യാലയത്തിന് ഗുജറാത്തിലെ ആനന്ദിൽ കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ ഇന്ന് തറക്കല്ലിട്ടു. കഴിഞ്ഞ നാല് വർഷത്തിനിടെ സഹകരണ മന്ത്രാലയം 60 പുതിയ സംരംഭങ്ങൾ ആരംഭിച്ചതായി ശ്രീ ഷാ പറഞ്ഞു. സഹകരണ മേഖലയിലെ നയരൂപീകരണം, ഡാറ്റ വിശകലനം, സഹകരണ

വികസന തന്ത്രങ്ങൾ, ഗവേഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ സർവകലാശാലയിലൂടെ സാധ്യമാകുമെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

***********************************

## L MURUGAN-KERALA

മെഡിക്കൽ ടൂറിസത്തിന്റെയും ഹീൽ ഇന്ത്യ ആശയത്തിന്റെയും കേന്ദ്രമായി ദക്ഷിണേന്ത്യ മാറുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ, സഹമന്ത്രി എൽ മുരുഗൻ. തിരുവനന്തപുരത്ത് ശ്രീ ഉത്രാടം തിരുനാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ 14-ാമത് ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മദ്രാസ്, ചെന്നൈ, കോയമ്പത്തൂർ, കൊച്ചി, ബെംഗളൂരു എന്നിവിടങ്ങളിലേക്ക് മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ നിന്ന് നിരവധി പേർ എത്തുന്നുണ്ടെന്ന് കേന്ദ്ര സഹമന്ത്രി ചൂണ്ടിക്കാട്ടി.

***********************************

## VEENA GEORGE - NIPAH

കേരളത്തിൽ വീണ്ടും നിപ സ്ഥിരീകരിച്ചതോടെ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. നിപ സമ്പർക്കപ്പട്ടികയിൽ സംസ്ഥാനത്ത് ആകെ 425 പേർ ഉള്ളതായി മന്ത്രി അറിയിച്ചു. മലപ്പുറത്ത് 228 പേരും

പാലക്കാട് 110 പേരും കോഴിക്കോട് 87 പേരുമാണ്

സമ്പർക്കപ്പട്ടികയിലുള്ളത്.

**********************************

## SKIN BANK-KERALA

കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് സജ്ജമായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്കിൻ ബാങ്കിനാവശ്യമായ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. അവയവദാന പ്രക്രിയയിലൂടെ ത്വക്ക് ലഭ്യമാക്കാനായി കെ സോട്ടോയുടെ അനുമതിയും ലഭ്യമായതായി മന്ത്രി അറിയിച്ചു. സ്കിൻ ബാങ്കിന്റെ ഉദ്ഘാടനം ലോക പ്ലാസ്റ്റിക് സർജറി ദിനമായ ജൂലൈ 15ന് നടക്കും. കോട്ടയം മെഡിക്കൽ കോളേജിൽ കൂടി സ്കിൻ ബാങ്ക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായും മന്ത്രി പറഞ്ഞു.

**********************************

## BENGALURU UNION MINISTER

2047 ആകുമ്പോഴേക്കും രാജ്യത്തെ സമ്പദ്‌വ്യവസ്ഥ നാല് ട്രില്യൺ ഡോളറിൽ നിന്ന് 32 ട്രില്യൺ ഡോളർ ആക്കി മാറ്റുന്നതിനുള്ള തന്ത്രപരമായ നയങ്ങളാണ് ഇന്ത്യ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ബെംഗളൂരുവിൽ ഐ.ഐ.ടി മദ്രാസിന്റെ 'സംഗം 2025' ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2028 ആകുമ്പോഴേക്കും ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാൻ ഒരുങ്ങുകയാണെന്നും രാജ്യം ഇപ്പോൾ ആഗോളതലത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥകളിൽ ഒന്നാണെന്നും അദ്ദേഹം പറഞ്ഞു.

**********************************

## GOYAL-(INTRO) - TRUMP - TARIFF

അമേരിക്കയുടെ ഇറക്കുമതി തീരുവ സംബന്ധിച്ച് സമയപരിധി സമ്മർദത്തിന് വഴങ്ങി ഇന്ത്യ ഒരു കരാറിനും തിടുക്കം കാട്ടില്ലെന്നും ദേശീയ താൽപര്യം സംരക്ഷിക്കുന്ന കരാറുകളിൽ മാത്രമേ ഒപ്പുവെക്കുകയുള്ളൂവെന്നും വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ.

(ഹോൾഡ്-വോയ്സ്)

ഉയർന്ന നികുതി നിരക്കുകൾ ഈടാക്കുന്നത് ജൂലൈ 9 വരെ യു.എസ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. യു.എസിന്റെ ആവശ്യങ്ങൾ, ചെറുകിട കർഷകരെ ബാധിക്കുമെന്നതിനാൽ ഇന്ത്യ ഒരു കരാറിൽ എത്തിയിട്ടില്ല.

അതേസമയം, അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് നൽകേണ്ടി വരുന്ന വിവിധ നിരക്കുകളിലുള്ളനികുതി വിശദീകരിക്കുന്ന 12 രാജ്യങ്ങളിലേക്കുള്ള കത്തുകൾ ഒപ്പുവെച്ചതായി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അറിയിച്ചു.

**************************************

## BIRLA- IPF CONFERENCE

ഇന്നൊവേറ്റീവ് ഫിസിഷ്യൻ ഫോറത്തിന്റെ ഏഴാമത് വാർഷിക അന്താരാഷ്ട്ര സമ്മേളനം ന്യൂഡൽഹിയിൽ ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്തു. മെഡിക്കൽ വിദ്യാഭ്യാസം, ഗവേഷണം, ആഗോള സഹകരണം എന്നിവയ്ക്ക് ഏറെ പ്രാധാന്യമുള്ളതായി ശ്രീ ബിർള പറഞ്ഞു.

ഇന്ത്യ, നേപ്പാൾ, ശ്രീലങ്ക, മലേഷ്യ, യു.കെ എന്നിവിടങ്ങളിൽ നിന്നുള്ള ഡോക്ടർമാരും ഗവേഷകരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

**********************************

## BIS-HELMET

ബിഐഎസ് സാക്ഷ്യപ്പെടുത്തിയ ഹെൽമെറ്റുകൾ മാത്രം ഉപയോഗിക്കണമെന്ന് ഉപഭോക്തൃ കാര്യ വകുപ്പും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സും രാജ്യത്തുടനീളമുള്ള ഉപഭോക്താക്കളോട് അഭ്യർത്ഥിച്ചു. . BIS സർട്ടിഫിക്കേഷൻ ഇല്ലാതെ ഹെൽമെറ്റുകൾ നിർമിക്കുന്നതിനോ വിൽക്കുന്നതിനോ എതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവാരമില്ലാത്ത ഹെൽമെറ്റുകൾ ഉപയോഗിക്കുന്നതിലൂടെ സംരക്ഷണത്തിൽ വിട്ടുവീഴ്ച സംഭവിക്കുന്ന സാഹചര്യത്തിലാണ് നിർദ്ദേശം.

**********************************

## SQUASH MEDALS

ഏഷ്യൻ അണ്ടർ 19 സ്ക്വാഷ് ചാമ്പ്യൻഷിപ്പ് ഇന്ത്യയുടെ അനാഹത് സിംഗിന് കിരീടം. ദക്ഷിണ കൊറിയയിൽ നടന്ന ഫൈനലിൽ ചൈനീസ് താരത്തെ 3-0 ത്തിനാണ് പരാജയപ്പെടുത്തിയത്. ഏഷ്യൻ ജൂനിയർ സ്ക്വാഷ് ചാമ്പ്യൻഷിപ്പിൽ, അണ്ടർ 17 ആൺകുട്ടികളുടെ മത്സരത്തിൽ ഇന്ത്യയ്ക്കായി ആര്യവീർ ദേവാൻ കിരീടം നേടി ചരിത്രം സൃഷ്ടിച്ചു.

**********************************

## CRICKET

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. നാലാം ദിനമായ ഇന്ന് ഒരു വിക്കറ്റിന് 64 റൺ എന്ന നിലയിൽ ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 4 വിക്കറ്റിന്

265 റൺസ് എന്ന നിലയിലാണ്. ഇന്ത്യക്ക് നിലവിൽ 445 റൺസിൻറെ ലീഡാണുള്ളത്.

***********************************

## IMD- WEATHER

മധ്യപ്രദേശിൽ അതിശക്തമായ മഴ സാധ്യത മുൻനിർത്തി കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത മൂന്ന് ദിവസങ്ങളിൽ മധ്യ, വടക്കൻ, കിഴക്കൻ ഇന്ത്യ എന്നിവിടങ്ങളിൽ കനത്തതോ അതിശക്തമായതോ ആയ മഴ മുന്നറിയിപ്പുണ്ട്. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

***********************************

## NEHAL MODI ARREST

സാമ്പത്തിക കുറ്റവാളി നീരവ് മോദിയുടെ സഹോദരൻ നെഹൽ മോദി അമേരിക്കയിൽ അറസ്റ്റിലായി. എൻഫോഴ്സ്മെൻ്റ് ഡയറക്ടറേറ്റും സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനും സംയുക്തമായി സമർപ്പിച്ച നാടുകടത്തൽ അഭ്യർത്ഥനയെ തുടർന്നാണ് അറസ്റ്റ്. പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് ഇന്ത്യ തേടുന്ന കുറ്റവാളിയാണ് നെഹൽ മോദി.

***********************************

## WORLD BANK - INDIA

ലോകത്തിലെ ഏറ്റവും തുല്യ സമൂഹങ്ങളുടെ പട്ടികയിൽ ഇന്ത്യയെ ഉൾപ്പെടുത്തി ലോകബാങ്ക്. ലോകബാങ്കിന്റെ കണക്കനുസരിച്ച്, ഇന്ത്യയുടെ ഗിനി സൂചിക 25.5 ആണ്. സ്ലോവാക് റിപ്പബ്ലിക്,

സ്ലോവേനിയ, ബെലാറസ് എന്നിവയ്ക്ക് ശേഷം ലോകത്തിലെ ഏറ്റവും തുല്യതയുള്ള നാലാമത്തെ രാജ്യമാണ് ഇന്ത്യ. ഒരു രാജ്യത്തെ ജനങ്ങളുടെ വരുമാനം, സമ്പത്ത് അല്ലെങ്കിൽ ഉപഭോഗം എങ്ങനെ തുല്യമായി വിതരണം ചെയ്യപ്പെടുന്നുവെന്ന് ഗിനി സൂചിക കണക്കാക്കുന്നു .

**********************************

## BIHAR LALU PRESIDENT

മുതിർന്ന നേതാവും ബിഹാർ മുൻ മുഖ്യമന്ത്രിയുമായ ലാലു പ്രസാദ് 13-ാം തവണയും രാഷ്ട്രീയ ജനതാദൾ പ്രസിഡന്റായി ചുമതലയേറ്റു. എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷം പട്നയിൽ നടന്ന ആർ.ജെ.ഡി ദേശീയ കൗൺസിൽ യോഗത്തിലാണ് അദ്ദേഹം ചുമതലയേറ്റത്. ജനതാദളിൽ നിന്ന് പിളർന്നതിന് ശേഷം 1997 ജൂലൈ 5 നാണ് ആർ.ജെ.ഡി സ്ഥാപിതമായത്.

**********************************

## FUR REV DAY- BAHUDA YATRA-PURI

ഒഡീഷയിലെ പുണ്യനഗരമായ പുരിയിൽ ജഗന്നാഥൻ, ബലഭദ്രൻ, ദേവി സുഭദ്ര എന്നിവരുടെ ലോകപ്രശസ്തമായ 'ബഹുദ യാത്ര'യുടെ ചടങ്ങുകൾ പുരോഗമിക്കുന്നു. ഈ യാത്രയിൽ, ദേവന്മാരുടെ ജന്മസ്ഥലമായി കണക്കാക്കപ്പെടുന്ന ശ്രീ ഗുണ്ടിച്ച ക്ഷേത്രത്തിൽ ഒരാഴ്ച ചെലവഴിച്ച ശേഷം പന്ത്രണ്ടാം നൂറ്റാണ്ടിലെ ശ്രീ ജഗന്നാഥ ക്ഷേത്രത്തിലേക്ക് രഥങ്ങളിൽ മടങ്ങുന്നതാണ് ചടങ്ങ്.

****************************************************************

*************************************